ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 28.08.2025**

## പ്രധാനവാർത്തകൾ

1. 15-ാമത് ഇന്ത്യ - ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ജപ്പാനിലേക്ക്; ജപ്പാൻ പ്രധാനമന്ത്രി ഷിഗെരു ഇഷിബയുമായി കൂടിക്കാഴ്ച നടത്തും.

2. 'മത്സ്യശക്തി' പദ്ധതി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

3. കേരളത്തെ ആധുനികതയിലേയ്ക്ക് ആനയിച്ചവരിൽ പ്രധാനിയാണ് മഹാത്മ അയ്യങ്കാളിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4. താമരശ്ശേരി ചുരം റോഡിൽ വീണ്ടും ഗതാഗത നിയന്ത്രണം; അടിയന്തര ആവശ്യങ്ങൾക്കുള്ള വാഹനങ്ങൾ കടത്തി വിടും.

5. സംസ്ഥാനത്ത് അമീബിക് മസ്തിഷ്കജ്വരം പ്രതിരോധിക്കാനായി ശനിയും ഞായറും തദ്ദേശ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ജനകീയ പ്രചാരണം സംഘടിപ്പിക്കും.

RNU TVPM

6. കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് കൊച്ചി ബ്ലൂ ടൈഗേഴ്സ് അദാനി ട്രിവാൻട്രം റോയൽസിനെയും ഏരീസ് കൊല്ലം ആലപ്പി റിപ്പിൾസിനെയും നേരിടും.

&&&&&&&&&&&&&&&

പ്രധാനമന്ത്രി- ജപ്പാൻ, ചൈന

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനങ്ങൾക്ക് ഇന്ന് തുടക്കമാകും. ഈ മാസം 29, 30 തീയതികളിൽ ജപ്പാൻ സന്ദർശിക്കുന്ന പ്രധാനമന്ത്രി, 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. ജപ്പാൻ പ്രധാനമന്ത്രി ഷിഗെരു ഇഷിബയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഇരുരാജ്യങ്ങൾക്കുമിടയിലെ തന്ത്രപ്രധാന പങ്കാളിത്തത്തെക്കുറിച്ച് ഉച്ചകോടി ചർച്ച ചെയ്യും. ഉഭയകക്ഷിബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകളും നേതാക്കൾക്കിടയിൽ നടക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി അറിയിച്ചു. തുടർന്ന് പ്രധാനമന്ത്രി ചൈനയിലേക്ക് യാത്ര തിരിക്കും. ടിയാൻജിനിൽ നടക്കുന്ന, ഷാങ്ഹായ് സഹകരണ സംഘടനയുടെ 25-മത് നേതൃതല ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും.

RNUTVPM

&&&&&&&&&&&&&&&

മത്സ്യശക്തി- ഇൻട്രോ

കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിന് കീഴിലെ ഐസിഎആർ-സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരം വിഴിഞ്ഞം റീജിയണൽ സെന്റർ നടപ്പിലാക്കുന്ന 'മത്സ്യശക്തി' പദ്ധതി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് ഉദ്ഘാടനം ചെയ്യും.

കോവളത്തെ ആനിമേഷൻ സെന്ററിൽ വൈകുന്നേരം 3 മണിക്കാണ് പരിപാടി.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

(വോയിസ്)

**&&&&&&&&&&&&&&**

**അയ്യൻകാളി ജയന്തി**

കേരള നവോത്ഥാനത്തിന്റെ മുന്നണി പോരാളിയായ അയ്യങ്കാളിയുടെ 162-ാം ജന്മദിനം പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വകുപ്പുകളുടെ അഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് ആചരിച്ചു. പരിപാടിയോടനുബന്ധിച്ച് രാവിലെ കനകക്കുന്ന് മുതൽ വെള്ളയമ്പലം വരെ ഘോഷയാത്ര സംഘടിപ്പിച്ചു. ഘോഷയാത്ര മന്ത്രി ഒ ആർ കേളു ഫ്ലാഗ് ഓഫ് ചെയ്തു. മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ തുടങ്ങിയവർ വെള്ളയമ്പലത്തെ അയ്യൻകാളി പ്രതിമയിൽ പുഷ്പാർച്ചന നടത്തി. തുടർന്ന് അയ്യങ്കാളി അനുസ്മരണ സമ്മേളനം നടന്നു.

RNU TVPM

**&&&&&&&&&&&&&&**

**അയ്യൻകാളി മുഖ്യമന്ത്രി**

ആധുനിക കേരളത്തിന് അടിത്തറ പാകുന്നതിൽ മഹാത്മാ അയ്യങ്കാളിയും അദ്ദേഹം നേതൃത്വം നൽകിയ പോരാട്ടങ്ങളും വഹിച്ച പങ്ക് നിസ്തുലമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മഹാത്മാ അയ്യങ്കാളി നേതൃത്വം നൽകിയ ഐതിഹാസികമായ സമരങ്ങൾ കേരള

ചരിത്രത്തിൻറെ ഗതി മാറ്റിയെഴുതിയതായും മുഖ്യമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ജന്മിത്വവും ജാതിസമ്പ്രദായവും അനാചാരങ്ങളും തീർത്ത അന്ധകാരത്തിനുമേൽ നവോത്ഥാനത്തിൻറെ വെളിച്ചം വിതറി കേരളത്തെ ആധുനികതയിലേയ്ക്ക് ആനയിച്ചവരിൽ പ്രധാനിയാണ് മഹാത്മാ അയ്യങ്കാളിയെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&

**മസ്തിഷ്കജ്വരം- തിരുവനന്തപുരം**

തിരുവനന്തപുരം ജില്ലയിൽ ഒരാൾക്ക് കൂടി മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. ആറ്റിങ്ങൽ സ്വദേശിയായ 46 വയസുള്ള സ്ത്രീയ്ക്ക് ഇന്നലെയാണ് രോഗം സ്ഥിരീകരിച്ചത്. ഇവർ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇപ്പോൾ ചികിത്സയിലാണ്. ഇതോടെ ഈയിടെ ജില്ലയിൽ മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചവരുടെ എണ്ണം 5 ആയി. പുല്ലമ്പാറ സ്വദേശിയായ 60 വയസുള്ള പുരുഷൻ, 14 വയസുള്ള ആൺകുട്ടി, വിഴിഞ്ഞം സ്വദേശിയായ 24 വയസുള്ള യുവതി, 46 വയസുള്ള ചിറയികീഴ് സ്വദേശിയായ സ്ത്രീ എന്നിവർക്കാണ് നേരത്തെ രോഗം സ്ഥിരീകരിച്ചത്. ഇവരും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്

PRD TVPM

&&&&&&&&&&&&&&

**ജനകീയ ക്യാമ്പയിൻ**

അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ ഈ മാസം 30,31 തീയതികളിൽ ആരോഗ്യ വകുപ്പ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കും. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലെ

നിർദേശാനുസരണമാണ് തീരുമാനം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ജലവിഭവ വകുപ്പ് എന്നിവയുടെ നേതൃത്വത്തിലാണ് ക്യാമ്പയിൻ. സംസ്ഥാനത്തെ മുഴുവൻ വീടുകളിലേയും സ്ഥാപനങ്ങളിലേയും കിണറുകൾ ക്ലോറിനേറ്റ് ചെയ്യാനും ജലസംഭരണ ടാങ്കുകൾ വൃത്തിയാക്കാനും സർക്കാർ നിർദേശം നൽകിയിരുന്നു.

&&&&&&&&&&&&&&

## പ്രധാനമന്ത്രി ജൻധൻ യോജന

പ്രധാൻമന്ത്രി ജൻധൻ യോജന ഇന്ന് 11 വർഷം പൂർത്തീകരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശാക്തീകരണ പദ്ധതി 2014 ഓഗസ്റ്റ് 15ന് ചുവപ്പ് കോട്ടയിലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചത്. 2014 ഓഗസ്റ്റ് 28-ന് പദ്ധതിയ്ക്ക് തുടക്കമിട്ടു. രാജ്യത്തെ എല്ലാ കുടുംബങ്ങൾക്കും സമഗ്രമായ സാമ്പത്തിക ഉന്നമനം, ബാങ്കിംഗ് സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിൽ പ്രധാൻ മന്ത്രി ജൻ ധൻ യോജന നിർണ്ണായക പങ്ക് വഹിക്കുന്നു. ഓരോ കുടുംബത്തിനും കുറഞ്ഞത് ഒരു അടിസ്ഥാന ബാങ്കിംഗ് അക്കൗണ്ട് ഉറപ്പാക്കി സാമ്പത്തിക സാക്ഷരത , ആവശ്യാധിഷ്ഠിത വായ്പ, ഇൻഷുറൻസ്, പെൻഷൻ തുടങ്ങിയ സാമ്പത്തിക സേവനങ്ങൾ പദ്ധതി ഉറപ്പാക്കുന്നു.

RNJ TVPM

&&&&&&&&&&&&&&

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 125-

◌ാ◌ം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും നാളെ വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&

**നിയമസഭാ സമ്മേളനം**

നിയമസഭാ സമ്മേളനം അടുത്തമാസം 15 മുതൽ ചേരും. ഒക്ടോബർ 10 വരെ സമ്മേളനം നീളും. അടുത്തമാസം 22 മുതൽ 28 വരെയും ഒക്ടോബർ ഒന്നു മുതൽ അഞ്ചുവരെയും സഭയുണ്ടാകില്ല. ഡിജിറ്റൽ സർവകലാശാലാ വി.സി. നിയമനത്തിനുള്ള സെർച്ച് കമ്മിറ്റിയുടെ ഘടന നിശ്ചയിക്കുന്ന സർവകലാശാലാ നിയമഭേദഗതിയടക്കം സമ്മേളനത്തിൽ പരിഗണിക്കുമെന്നാണ് സൂചന.

&&&&&&&&&&&&&

**എ എൻ ഷംസീർ- ഇൻട്രോ**

പാർലമെന്ററി പാർട്ടിയിൽ നിന്ന് രാഹുൽ മാങ്കൂട്ടത്തിലിനെ സസ്പെൻഡ് ചെയ്തതായുള്ള അറിയിപ്പ് തന്റെ ഓഫീസിൽ ലഭിച്ചിട്ടില്ലെന്ന് സ്പീക്കർ എഎൻ ഷംസീർ. കോൺഗ്രസ് ആവശ്യപ്പെട്ടാൽ നിയമസഭയുടെ ചട്ടം അനുസരിച്ച് നടപടി സ്വീകരിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. രാഹുലിന്റെ അവധി അപേക്ഷ കിട്ടിയിട്ടില്ലെന്നും സ്പീക്കർ വ്യക്തമാക്കി.

(ഹോൾഡ്)

അതിനിടെ രാഹുൽ മാങ്കൂട്ടത്തിൽ എം എൽ എ യ്ക്കെതിരെ ക്രൈം ബ്രാഞ്ച് അന്വേഷണമാരംഭിച്ചു.

&&&&&&&&&&&&&

RIJUTVPM

**അന്തിമ വോട്ടർ പട്ടിക**

സംസ്ഥാനത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി അടുത്തമാസം രണ്ട് വരെ നീട്ടി. എല്ലാ ഹിയറിംഗുകളും ഈമാസം 29 ന് അവസാനിപ്പിക്കണമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

&&&&&&&&&&&&&&

**താമരശ്ശേരി- ഇൻട്രോ**

വയനാട് താമരശ്ശേരി ചുരം റോഡിൽ വീണ്ടും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. എന്നാൽ അടിയന്തര ആവശ്യങ്ങൾക്കുള്ള വാഹനങ്ങൾ കടത്തി വിടും. കൂടുതൽ മണ്ണിടിച്ചിൽ ഉണ്ടായാൽ തടയാനുള്ള മാർഗങ്ങൾ കണ്ടെത്താൻ വിദഗ്ധ സമിതി ഇന്ന് പരിശോധന നടത്തും. ഫയർഫോഴ്സ് സംഘം പ്രദേശത്ത് പരിശോധന നടത്തുകയാണ്.

RNU TVPM

**വിശദാംശങ്ങളുമായി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.**
**(ഹോൾഡ് വോയ്സ്........)**

&&&&&&&&&&&&&&

**താമരശ്ശേരി- പ്രിയങ്ക**

താമരശ്ശേരി ചുരത്തിൽ മണ്ണിടിച്ചിലിനെ തുടർന്ന് ഗതാഗതം തടസ്സപ്പെടുന്ന സാഹചര്യത്തെ കുറിച്ച് പ്രിയങ്ക ഗാന്ധി എം.പി. വയനാട് ജില്ലാ കലക്ടറോട് വിവരങ്ങൾ തേടി. സാധ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ടെന്നും

അതിവേഗം പ്രശ്നം പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതായും കളക്ടർ അറിയിച്ചു.

&&&&&&&&&&&&&&

**കേരള ക്രിക്കറ്റ് ലീഗ്**

കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ് അദാനി ട്രിവാൻഡ്രം റോയൽസിനെയും ഏരീസ് കൊല്ലം ആലപ്പി റിപ്പിൾസിനെയും നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ ട്രിവാൻഡ്രത്തിനെതിരെ തൃശ്ശൂർ ടൈറ്റൻസും കൊച്ചിക്കെതിരെ കാലിക്കറ്റ് ഗ്ലോബ്സ്റ്റാഴ്സും വിജയിച്ചിരുന്നു.

&&&&&&&&&&&&&&

**മഴ**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെയുള്ള ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. ലക്ഷദ്വീപ് തീരത്ത് നാളെയും വിലക്ക് തുടരും.

&&&&&&&&&&&&&&

**കൊച്ചി- റോഡ്**

RNU TVPM

കൊച്ചി കോർപ്പറേഷന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ പരിശോധിക്കാൻ അമിക്കസ് ക്യൂറിയോട് ആവശ്യപ്പെട്ട് കേരള ഹൈക്കോടതി. സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥയെക്കുറിച്ചുള്ള ഹർജി പരിശോധിക്കുകയായിരുന്നു കോടതി. അറ്റകുറ്റപ്പണികൾ നടത്താതെ കിടക്കുന്നതും അപകടങ്ങൾക്ക് കാരണമായതുമായ റോഡുകളുടെ എഞ്ചിനീയർമാരെ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ നേരത്തെ വിളിച്ചു വരുത്തിയിരുന്നു.

&&&&&&&&&&&&&&

ഓഹരി+സ്വർണ്ണം

ഓഹരി വിപണിയിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 320 പോയിന്റ് ഇടിഞ്ഞ് 80,460 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 77 പോയിന്റ് നഷ്ടത്തിൽ 24,634 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണവില കൂടി. പവന് 120 രൂപ വർധിച്ച് 75,240 രൂപയും ഗ്രാമിന് 9,405 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&

&&&&&&&&&

&&&

RIJU TVPM